**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1733** **08-02-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ തനത് വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർവകലാശാലകൾ തനത് വരുമാനം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 08.03.2019 ലെ സ.ഉ.(അച്ചടി)നം.28/2019/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ ചാർജ്ജുകൾ എന്നിവ 01.04.2019 മുതൽ 5% വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സർവകലാശാലകളുടെ തനത് വരുമാന മാർഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | വിദ്യാർത്ഥികളിൽ നിന്നും അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഈടാക്കുന്ന വിവിധ ഫീസുകൾ, കൺസൾട്ടൻസി ചാർജ്ജുകൾ, ടെസ്റ്റിംഗ് ആൻഡ് ഫെസിലിറ്റി ചാർജ്ജുകൾ, സർവകലാശാലകളുടെ അതിഥി മന്ദിരം, ജീവനക്കാരുടെ ക്വാർട്ടേഴ്സ് മുതലായ സ്ഥാവര വസ്തുക്കളിൽ നിന്നുള്ള വാടക, സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ എന്നിവയാണ് സർവകലാശാലകളുടെ തനത് വരുമാന മാർഗങ്ങൾ. |
| (സി) | ഉല്പാദനത്തിലേക്ക് നയിക്കുന്ന ഗവേഷണ ഫലങ്ങളിലൂടെ തനത് വരുമാനം ആർജ്ജിക്കുന്ന എത്ര സർവ്വകലാശാലകൾ നിലവിലുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോ സർവകലാശാലയിലെയും പ്രോജക്ടുകൾ ഏതാണെന്നും ആർജിക്കുന്ന വരുമാനം എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) | നിലവിൽ ഈ ഇനത്തിൽ സർവകലാശാലകൾക്ക് വരുമാനം ലഭിക്കുന്നില്ല. ഗവേഷണ ഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഉല്പന്നങ്ങൾ വികിസിപ്പിക്കാൻ സാധ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകാനുള്ള പദ്ധതികളും, ഗവേഷണ ഫലങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, എ.പി.ജെ, കുസാറ്റ് സർവകലാശാലകളിൽ അന്താരാഷ്ട്ര നിലവാരത്തിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തനത് വരുമാനം വർദ്ധിപ്പിക്കുന്ന സർവകലാശാലകൾക്ക് തത്തുല്യമായ തുക ഇൻസെന്റീവ് ആയി നൽകുമെന്ന മുൻ ധനകാര്യ മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ | (ഡി) | സർവകലാശാലകൾക്ക് ഇൻസന്റീവ് ഇനത്തിൽ തുക അനുവദിച്ചു നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | എത്ര സർവകലാശാലകൾക്ക് നാളിതുവരെ ഇൻസെന്റീവ് നൽകിയിട്ടുണ്ടെന്നും ഓരോ സർവകലാശാലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ